ഭരണഭാഷ-മാതൃഭാഷ

## ലെപ്രസി സാനറ്റോറിയം നൂറനാട്,എൽ.എസ് നൂറനാട്.പി.ഒ,ആലപ്പുഴ

പിൻ കോഡ്-690571 , ഫോൺ-04792382331, 04792382391 ഇ-മെയിൽ -lsnooranad@gmail.com

നം: ബി-1498/2024 തീയതി: 10.10.2024

### ദർഘാസ് /ലേല പരസ്യം

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും, ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന് സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകിയതുമായ സ്ഥലത്ത് അപകടകരമായി നിൽക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരങ്ങൾ (15 എണ്ണം) മുറിച്ച് മാറ്റുന്നതിന് വനംവകുപ്പിന്റേയും, ജില്ലാ മെഡിക്കൽ ഓഫീസറുടേയും അനുമതി ലഭിച്ചിട്ടുണ്ട്. ടി മരങ്ങൾ ദർഘാസ് /പരസ്യ ലേലം മുഖാന്തരം വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർ ഫോറ വില - 600/- + 18 % ജി എസ് റ്റി

ഡ്യൂപ്ലിക്കേറ്റ് കോപ്പിയുടെ വില - 300/- + 18 % ജി എസ് റ്റി

നിരതദ്രവ്യം - 5000/- (സൂപ്രണ്ട് , ലെപ്രസി സാനറ്റോറിയം, നൂറനാടിന്റെ പേരിൽ .ഡി.ഡി ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ)

രേഖപ്പെടുത്തേണ്ട കുറഞ്ഞ തുക - 260412/-രൂപ(വനം വകുപ്പ് നിശ്ചയിച്ചത്)

ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി - 28.10.2024 - 03.00 PM വരെ

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതി -29.10.2024 -11.00 AM വരെ

29.10.2024 ചൊവ്വാഴ്ച പകൽ 11.30 മണിക്ക് നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ വെച്ച് പരസ്യമായി ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ 29.10.2024 ചൊവ്വാഴ്ച പകൽ 11.30 മണിക്ക് മുൻപായി 5000 രൂപ നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യ ലേലത്തെ തുടർന്ന് ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ ലഭ്യമായ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതും, ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ / ലേലം വിളിച്ച വ്യക്തികൾ / സ്ഥാപനത്തിന്റെ ടെണ്ടർ / ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ദർഘാസ് / ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി അപ്പോൾ തന്നെ ലേല തുകയുടെ 1/3 തുക ഒടുക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) , ആലപ്പുഴയുടെ അംഗീകാരത്തിന്

(മറുപുറം)

വിധേയമായി ദർഘാസ് / ലേലം സ്ഥിരപ്പെടുത്തുന്ന മുറക്ക് , ദർഘാസ് /ലേലം അംഗീകരിച്ചതായി അറിയിപ്പ് നൽകുന്നതും,അറിയിപ്പ് ലഭിച്ച വ്യക്തി ബാക്കി 2/3 ഭാഗം തുക (ജി എസ്സ്. റ്റി , FDT ഉൾപ്പടെ ) 2 ദിവസത്തിനകം ഈ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. കൂടാതെ ലേലം / ടെണ്ടർ സ്ഥിരപ്പെടുത്തിയ വ്യക്തി സ്വന്തം ചെലവിൽ 3 ദിവസത്തിനകം ഈ സ്ഥാപനമേധാവിയുമായി 500 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ് .കരാർ ഉറപ്പിച്ച് 10 ദിവസത്തിനകം കരാറുകാരൻ കെട്ടിടങ്ങൾക്ക് കേടുപാട് ഉണ്ടാകാതെ സ്വന്തം ചെലവിൽ മരങ്ങൾ മുറിച്ച് മാറ്റി പരിസരം വൃത്തിയാക്കി നൽകേണ്ടതാണ്. സർക്കാരിന്റെ നിലവിലുള്ള എല്ലാ ടെണ്ടർ / ലേല നിയമങ്ങളും ഈ ദർഘാസ് / ലേലത്തിനും ബാധകമായിരിക്കും.

ദർഘാസ് /ലേലം സ്ഥിരപ്പെടുത്തിയ വ്യക്തി ചുവടെ ചേർത്തിരിക്കുന്ന ലേല നിബന്ധനകൾ പൂർണ്ണമായി അംഗീകരിക്കേണ്ടതും, അതിനനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.ലേല നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ദർഘാസ് /ലേലവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം ലേലക്കാരനിൽ നിന്നും നിയമനടപടികളിൽ കൂടി വസൂലാക്കുന്നതുമാണ്.

ടെണ്ടർ നടപടികൾ മാറ്റി വെയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ സൂപ്രണ്ടിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ (രാവിലെ 10 മുതൽ 5 വരെ ) ലെപ്രസി സാനറ്റോറിയം ,ഓഫീസിൽ നിന്നും, ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ക്യാമ്പിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടർ / ലേലം നിശ്ചയിച്ചിരിക്കുന്ന ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ / ലേലം നടത്തുന്നതാണ്.

സൂപ്രണ്ട്

SUPERINTENDENT
Leprosy Sanatorium
Nooranad

LEPROSY SANATORIUM

## ലേല നിബന്ധനകൾ

1. 29.10.2024 ചൊവ്വാഴ്ച നടക്കുന്ന ദർഘാസ് /പരസ്യ ലേലത്തിൽ സൂപ്രണ്ട് /ആർ എം. ഒ / ലെ സെക്രട്ടറി , ഐ റ്റി ബി പി ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്.
2. ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ക്യാമ്പസിലെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന ഒരു പ്രവർത്തിയും ലേലക്കാരന്റെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല.
3. കൊള്ളുന്ന വ്യക്തി മറ്റ് വ്യക്തികൾക്കോ/ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യാനോ / നൽകുവാനോ പാടില്ലാത്തതാണ്

(മറുപുറം)

4. മരം മുറിച്ച് മാറ്റുമ്പോൾ ബന്ധപ്പെട്ട സ്ഥലത്ത് നിൽക്കുന്ന കെട്ടിടങ്ങൾക്കോ , മറ്റ് സ്ഥാവര ജംഗമ വസ്തുക്കൾക്കോ നാശനഷ്ടം വരാതെ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിൽ ഏതെങ്കിലും നാശനഷ്ടം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നഷ്ട പരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്

5. മരം മുറിക്കുമ്പോൾ വൃക്ഷങ്ങളിൽ മുട്ടയോ, കുഞ്ഞുങ്ങളോടു കൂടിയ പക്ഷി കൂടുകളോ ശ്രദ്ധയിൽപെട്ടാൽ ടി വിവരം മരം മുറിക്കുന്നതിന് മുൻപായി വനം വകുപ്പ് അധികൃതരെ സൂപ്രണ്ട് വഴി അറിയിക്കേണ്ടതാണ്.

6. ലേലം സ്ഥിരപ്പെടുത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) , ആലപ്പുഴയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ്

7. ലേലം ചെയ്യു ലഭിക്കുന്ന തുകയും , ടി തുകയുടെ 18% ജി.എസ്.റ്റിയും , ലേലതുകയുടെ 5% വന വികസന നികുതിയും (FDT) ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

8. ലേലത്തുക കുറവ് എന്ന് തോന്നുന്ന പക്ഷം പുനർലേലം നടത്താൻ സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കും. സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

9. ലേലം കൊണ്ട വ്യക്തി ലേലം സ്ഥിപ്പെടുത്തിയ നോട്ടീസ് കൈപ്പറ്റി 5 ദിവസത്തിനകം മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

LEPROSY SANATORIUM NOORANADU, ALAPPUZHA-690 571

സൂപ്രണ്ട്
SUPERINTENDENT
Leprosy Sanatorium
Nooranad

<u>നോട്ടീസ് അയക്കുന്നത്</u> :

1. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(വെബ് സൈറ്റ്) (ആ.ക.സ)
2. ബഹു.ജില്ലാ കളക്ടർ,ആലപ്പുഴ(ആ.ക.സ)
3. ബഹു.ജില്ലാ മെഡിക്കൽ ഓഫീസർ(ആ), ആലപ്പുഴ(ആ.ക.സ)
4. ഡയറക്ടർ IPRD , തിരുവനന്തപുരം , ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ
5. തഹസിൽദാർ, മാവേലിക്കര
6. ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ക്യാമ്പസ് ,നോട്ടീസ് ബോർഡ്
7. സൂപ്രണ്ട്, ജില്ലാ/താലൂക്ക് ആശുപത്രി, മാവേലിക്കര, കായംകുളം
8. സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, ഭരണിക്കാവ്
9. സെക്രട്ടറി ഗ്രാമ പഞ്ചായത്ത്, നൂറനാട്,പാലമേൽ, താമരക്കുളം,ചുനക്കര
10. വില്ലേജ് ഓഫീസർ, നൂറനാട്,പാലമേൽ, താമരക്കുളം,ചുനക്കര
11. ഓഫീസ്/ കരുതൽ

(മറുപുറം)

## List of trees in ITBP Camp, Nooranad

| Sl.No | Species | Girth (CM) | Timber Volume ($M^3$) | Firewood Quantity (MT) |
|---|---|---|---|---|
| 1. | Plavu | 700X120 | 0.630 | - |
| 2. | Anjili | 90 | - | 0.308 |
| 3. | Anjili | 120 | 0.230 | 0.398 |
| 4 | Cashew | 135 | 0.800 | 0.909 |
| 5. | Plavu | 160 | 0.798 | 1.249 |
| 6. | Spathodiya | 180 | 1.352 | 0.654 |
| 7. | Plavu | 100 | 0.322 | - |
| 8. | Plavu | 170 | 1.062 | 0.545 |
| 9. | Plavu | 190 | 1.503 | 0.777 |
| 10. | Plavu | 120 | 0.552 | 0.222 |
| 11. | Mavu | 110 | 0.434 | 0.201 |
| 12. | Spathodiya | 185 | 1.503 | 0.777 |
| 13. | Puli | 120 | 0.414 | 0.636 |
| 14. | Acacia | 160 | 1.065 | 0.451 |
| 15. | Mahagani | 240 | 2.325 | 1.607 |